# മലങ്കര ഇടവക പത്രിക

പുസ്തകം ൧൨ | ൧൯൦൬. തെശ്രീൻ ഹറൊയി | ലക്കം ൧൧

## മാർ ഗ്രീഗോറിയോസ മെത്രാപ്പോലീത്തായുടെ ജീവചരിത്രം

നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ ചരിത്രം അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതിൽ വന്നിട്ടുള്ള ചില പിശകുകളെ മഹാജനങ്ങളുടെ അറിവിനുവേണ്ടി പത്രികയിൽ ചേർത്തു പ്രസിദ്ധപ്പെടുത്തണമെന്നുള്ള മുഖവുരയോടുകൂടെ ഖോഫ് എന്ന മറുനാമം ധരിച്ചു കണ്ടനാട്ടുനിന്നും ഒരാൾ എഴുതി അയച്ചിരുന്നതും കഴിഞ്ഞലക്കം പത്രികയിൽ ചേർത്തു പ്രസിദ്ധപ്പെടുത്തിയിരുന്നതും ആയ ലേഖനം വായിച്ചു. തത്സംബന്ധമായി പത്രാധിപരവർകൾ ചില സമാധാനങ്ങൾ പറഞ്ഞിട്ടുണ്ടെന്നുവരികിലും മറ്റുസംഗതികൾകൂടി ഇവിടെ പ്രസ്താവിക്കേണ്ടതു അത്യാവശ്യമായി കാണുന്നതിനാൽ അവയെ താഴെ ചേർത്തുകൊള്ളുന്നു.

മാർ ബസ്സേലിയോസ് ബാവാതിരുമനസ്സുകൊണ്ടു കണ്ടനാട്ടു കബറടങ്ങിട്ടുണ്ടെന്നുള്ളതു അവിതർക്കിതസംഗതിയാണ. മാർ ഈവാനിയോസ്, മാർഗ്രീഗോറിയോസ്, മാർക്കൂറീലോസ് ഈ സ്ഥാനപ്പേരുകളിൽ വിദേശീയരായ മൂന്നു ബാവാന്മാർ കബറടങ്ങിട്ടുള്ളതും വിശുദ്ധ പിതാവായ മോറാൻ മോർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ടു നാലു മാസത്തിലധികം കാലം എഴുന്നെള്ളിയിരുന്നു വിശുദ്ധ മൂറോൻ കൂദാശചെയ്തു, മലങ്കര സമുദായത്തെ വിളിച്ചുകൂട്ടി അസോസ്യേഷൻ ഏർപ്പെടുത്തുക മുതലായി പല വിശേഷ്യ സംഗതികളും നടന്നിട്ടുള്ളതും മുളന്തുരുത്തിപ്പള്ളി ഇടവകക്കു ഏറ്റവും പ്രശംസനീയങ്ങളായ സംഗതികളാകുന്നു. മലങ്കരസഭാചരിത്രകർത്താക്കന്മാരാൽ ഉൽഘോഷിക്കപ്പെടേണ്ടതായി വരുന്നു.

നി. വ. ദി. ശ്രീ. മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസിലെ കുഡുംബക്കാരുടെ സകല എഴുത്തുകുത്തുകളും 'കല്ലറക്കൽ ചാത്തുരുത്തിൽ' എന്നാണെന്നു ഖോഫതന്നെ സമ്മതിക്കയും എന്നാൽ 'ചാത്തുരുത്തിൽ' എന്നതു കുഡുംബപ്പേരല്ലെന്നു പറകയും ചെയ്യുന്നതു പൂർവാപരവിരുദ്ധമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. തിരുമേനിയുടെ പിതാവു കണ്ടനാട്ടു ഇടവകയിൽനിന്നു ഒരു സ്ത്രീയെ കല്യാണം കഴിച്ചിരുന്നു എന്നതു പരമാർത്ഥമാണ. ആ സ്ത്രീ ത

ന്റെ പിതാവിന്റെ ഏകപുത്രിയായിരുന്നതിനാൽ ചില സമയം സ്വഗൃഹത്തിൽ താമസിക്കുകയും സുറിയാനിക്രിസ്തീയ സമുദായ സമ്പ്രദായത്തിന്നനുസരണമായി ടി-യാരുടെ സന്താനങ്ങളിൽ ചിലരുടെ മാമ്മോദീസാ മുതലായതു കണ്ടനാട്ടുവച്ചു നടത്തുകയും ചെയ്തിട്ടുണ്ടായിരിക്കാം. എന്നിരുന്നാലും തിരുമേനിയുടെ ജനനത്തിനു വളരെ മുമ്പെ തന്നെ പിതാവു കുടുംബസഹിതം തന്റെ ഭവനമായ ചാത്തുരുത്തിലേക്കു മടങ്ങിപ്പോരികയും അവിടെത്തന്നെ സ്ഥിരമായി താമസിക്കയും ചെയ്തു. തിരുമേനിയുടെ ജനനം ഹേതുവായി ചാത്തുരുത്തി കുടുംബത്തിനും മുളന്തുരുത്തി ഇടവകയ്ക്കും അസാമാന്യമായ ഒരു ചാരിതാർത്ഥ്യം കൂടി ഉണ്ടാകുകയും ചെയ്തിരിക്കുന്നു.

ഒരാൾക്കു പല ഇടവകകൾ ഉണ്ടായേക്കാം. ജന്മദേശം ഒന്നിലധികം ഉണ്ടാവാൻ നിവൃത്തിയില്ലല്ലൊ. തിരുമേനി മുളന്തുരുത്തിൽ ചാത്തുരുത്തിൽ കുടുംബത്തിൽ ജനിച്ചു എന്നുള്ള സത്യാവസ്ഥ ചരിത്രകർത്താവു എഴുതിയിരിക്കുന്നതിനു യാതൊരു വാസ്തവവിരുദ്ധവുമില്ല എന്നുമാത്രവുമല്ല രണ്ടു കൊല്ലത്തിനു മുമ്പു അച്ചടിച്ചു പ്രസിദ്ധം ചെയ്യപ്പെട്ടിട്ടുള്ള നി. വ. ദി. ശ്രീ. മാർ ദീവന്നാസ്യോസു മെത്രാപ്പൊലീത്താ തിരുമനസ്സിലെ ജീവചരിത്രഗ്രന്ഥത്തിന്റെ ഒരു ഭാഗത്തിൽ ൧൦൭൩ മീനമാസത്തിൽ മുളന്തുരുത്തി പള്ളിയോഗക്കാരുടെ ആലോചനപ്രകാരം ചാത്തുരുത്തിൽ ഗീവറുഗീസു കത്തനാരെ റമ്പാനാക്കുകയും ചെയ്തതായി കാണുന്നുണ്ടു. അതിനെപ്പറ്റി യോഗം യാതൊന്നും വാദിച്ചു കാണാത്തതിനാലും കണ്ടനാട്ടുപള്ളിക്കാരുടെ തദ്വിഷയത്തിലുള്ള ആലോചന അക്കാലത്തു ആവശ്യപ്പെട്ടിട്ടില്ലെന്നു പ്രത്യക്ഷമായിരിക്കുന്നതിനാലും മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു സുറിയാനിക്രിസ്ത്യാനികളുടെ ഒരു പൊതുസ്വത്താണെങ്കിലും മുളന്തുരുത്തി ഇടവകയിലെ ഒരു പ്രത്യേക സ്വത്താണെന്നുംകൂടി ഗണിക്കുന്നതിനു യാതൊരു സംശയവും ഇല്ലെന്നാണു തോന്നുന്നതു.

സ്വജനങ്ങളെ ഭക്തിവിഷയത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനു ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട തിരുമേനി അവരുടെയും പ്രേരണയാലല്ല ശെമ്മാശുപട്ടം കൈക്കൊണ്ടതു എന്നു തിരുമേനിയുടെ പിന്നീടുണ്ടായ നടത്തയാലും ചില വിശേഷ സംഭവങ്ങളാലും തീരുമാനിക്കാവുന്നതാണ്. അതിനു വേറെ യാതൊരു സാക്ഷിയൊ ലക്ഷ്യമൊ വേണമെന്നില്ല.

തിരുമേനിയുടെ കാരണവരായ ബ: പള്ളത്തട്ടിൽ ഗീവറുഗീസു കത്തനാരു അനേകം ശിഷ്യന്മാരെ പഠിപ്പിച്ചുകൊണ്ടിരുന്ന കാലത്തു സ്വന്തം അനന്തിരവനെ കൊവട്ടെവീട്ടിൽ ശീമോൻ കത്തനാരുടെ (കാലം ചെയ്ത മാർ ദീവന്നാസ്യോസു മെത്രാപ്പോലീത്താ) അടുക്കൽ പറഞ്ഞയച്ചു പഠിപ്പിച്ചു എന്നതു വിശ്വാസയോഗ്യമായിരിക്കുന്നില്ല.

ന്നാൽ തിരുമനസ്സിലെ കാരണവരുടെ കാലശേഷം മഹാ വിദ്വാനെന്ന സകലരാലും സമ്മതിക്കപ്പെട്ടിരുന്ന കോനാട്ടു മല്പാൻ വാചം ചെയ്തു മാർ ജൂലിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെയും അനന്തരം മാർ കൂറിലോസ് ബാവാ തിരുമനസ്സിലെയും അടുക്കൽ താമസിച്ചു പഠിച്ചിരുന്നു എന്നുള്ളതു തന്നെ ഈ ആചാര്യന്മാരിൽ നിന്നു സിദ്ധമായിരിക്കുന്ന തിരുമേനിയുടെ സൽഗുണങ്ങളാൽ തന്നെ പ്രത്യക്ഷപ്പെടുന്നുണ്ടു

തിരുമേനി കത്തനാരായിരുന്ന കാലത്തു സ്ഥിരതാമസം മുളന്തുരുത്തിലായിരുന്നെങ്കിലും അവിടെത്തന്നെയോ കണ്ടനാട്ടോ ഇടവക പട്ടക്കാരന്റെ മുറക്കു ശരിയായി വീതം എടുക്കുകയോ ഇടവക വരുമാനം പറ്റുകയോ ചെയ്തിട്ടില്ല.

ബാല്യംമുതലേ ലൗകിക വിഷയങ്ങളെ പരിത്യജിച്ചു തിരുമേനി ദയറായുസാസമായ ഭൈ൦ കൊണ്ടു തിരുമേനി ഇടവകപ്പള്ളിയായിരുന്ന മുളന്തുരുത്തിൽ തന്നെ സ്ഥിരതാമസം പാടുള്ളെന്നും ഒരു ... ത്രസ്ഥലം അത്യാവശ്യമെന്നും ടി. പള്ളിക്കാരോടു ആലോചിച്ചു അവർക ... തിരുമനസ്സിലെ താമസത്തിനായി പള്ളിവക വെട്ടിക്കൽ കു... ഈ ... ള്ളിയും അതോടു ചേർന്ന മേടകളും തിരുമനസ്സിലെ വകക്ക ... കർ പാരമ്പര്യം വിട്ടുകൊടുക്കുകയും തിരുമനസ്സിലെ നിത്യച്ചെലവു വ്യവഹാരത്തിലേക്കു മറ്റും ഇടവകയിൽനിന്നു പിടിയരി, കെട്ടുതെങ്ങു മുതലായതു പിരിച്ചുകൊടുത്തുവരികയും ചെയ്തുവന്നു. ഇപ്പോൾ തിരുമേനി തന്റെ ഇടവകക്കാരനെന്നു പറയപ്പെടുന്നതിനു ആഗ്രഹിക്കപ്പെടുന്ന സ്ഥലത്തിന്റെ ഇടവകക്കാർ അന്നു എവിടെയായിരുന്നു എന്നു കൂടി സമാധാനമായി വേണ്ടതുപോലെ ആലോചിക്കേണ്ടതാണ്.

മഹാന്മാരുടെ ദൈവതിരുവിഷ്ടത്തെ മാത്രം ആശ്രയിച്ചു പള്ളികൾക്ക അവരുടെ ... ഓരോ സാധനങ്ങളെ വഴിപാടായി വെക്കുന്ന പതിവു സർവ്വസാധാരണമാണല്ലോ. തദനുസരണം മുളന്തുരുത്തി പള്ളിക്കും മറ്റു പള്ളികൾക്കും തിരുമേനിയുടെ പൂർവ്വികർ പല വഴിപാടുകളും കാഴ്ചവച്ചു എന്നുള്ളതും ശരിയായിരിക്കാം. എന്നാൽ കണ്ടനാട്ടു മുതലായ ചില പള്ളികളിൽ ചിലർ എന്തോ പ്രാധാന്യം ലഭിക്കണമെന്നോ മറ്റോ ഉള്ള മനഃപൂർവമായ ഉദ്ദേശ്യത്തോടുകൂടെ ചില വഴിപാടുകൾ വച്ചിരിക്കുന്നതുപോലെ അല്ലെന്നും കൂടി ഈ അവസരത്തിൽ ഓർക്കേണ്ടതാണ്.

തിരുമേനിയുടെ ജീവചരിത്രം എഴുതിയതിനാൽ തൽഗ്രന്ഥകർത്താവിനു ജന്മദേശം മുളന്തുരുത്തി ആകയാൽ ആ ഇടവകക്കാർക്കും സിദ്ധിച്ചിരിക്കുന്ന സ്തുത്യർഹമായ ബഹുമാനത്തെ ഇല്ലാതാക്കേണമെന്നുള്ള ഉദ്ദേശം ലേഖകന്നു ഉണ്ടോ ഇല്ലയോ എന്നുള്ള സംഗതി വായനക്കാർ തന്നെ വിധിക്കട്ടെ.

ഒരു മുളന്തുരുത്തിക്കാരൻ.

## മിസ്റ്റർ കെ. പി. മാത്യു.

മിസ്റ്റർ കെ. പി. മാത്യുവിന്റെ അകാലവിയോഗം മലങ്കര സുറിയാനി സഭയ്ക്കു പൊതുവേയും വടക്കർക്കു പ്രത്യേകിച്ചും അനിവാര്യമായ നഷ്ടഹേതുകമായിരിക്കുന്നു എന്നു എത്ര പ്രാവശ്യം പറഞ്ഞാലും മതിയാകയില്ല. അസാധാരണമായ ബുദ്ധിവിശേഷം, അദ്വിതീയമായ ദ്രവ്യപുഷ്ടി, പരോപകാരതല്പരത, സത്സ്വഭാവം, ഉൽകൃഷ്ടവിദ്യാസമ്പാദനം എന്നിങ്ങനെ ഒരൊററ മനുഷ്യനിൽ ഒന്നിച്ചു വിളങ്ങികാണുക പതിവില്ലാത്ത വിശിഷ്ടലക്ഷണങ്ങളെല്ലാം എത്രയും അസാധാരണമായ വിധത്തിൽ യോജിച്ചിരുന്ന ഒരു പുരുഷരത്നത്തിനു കരുണാകരനായ ദൈവം ദീർഘായുസ്സ് ഒന്നുമാത്രം അനുവദിച്ചു കാണാഞ്ഞതു പരമസങ്കടമായിപ്പോയി. വടക്കരുടെ ഇടയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസവിഷയത്തിൽ അടുത്തകാലത്തു മാത്രം ആയിത്തുടങ്ങിയ ഉണർവ്വിനു മിസ്റ്റർ മാത്യുവിന്റെ മരണം ഒരു പ്രതിബന്ധമായിത്തീർന്നി[...] അദ്ദേഹത്തോടൊപ്പം കഴിച്ചു നടന്നവരും അദ്ദേഹത്തി[...] സ്വഭാവനൈർമ്മല്യത്തെപ്പറ്റി പൂർണ്ണജ്ഞാനമുള്ളവരും അദ്ദേ[...]ന്റെ സുഖദുഃഖങ്ങൾ തങ്ങളുടെ സ്വന്തമെന്നപോലെ വിചാരിച്ചുപോന്നവരുമായ അസ്മാദൃശന്മാർക്കു ഈ മരണം നിമിത്തം ഉണ്ടായിട്ടുള്ള ദുസ്സഹമായ ദുഃഖവും നൈരാശ്യവും എത്രമാത്രമെന്നു വിസ്തരിക്കാൻ പ്രയാസം. ദൈവത്തിന്റെ പ്രവൃത്തികളെല്ലാം തന്നെ നിഗൂഢമായ അന്തരത്തോടു കൂടിയവയാകുന്നു എന്നുള്ള ദൃഢമായ സ്മരണയല്ലാതെ ഈ ക്ലേശങ്ങൾക്കു വേറെ ആശ്വാസമാർഗ്ഗമില്ല. മിസ്റ്റർ മാത്യു തന്റെ ആയുസ്സിനെ സമുദായത്തിന്നായിക്കൊണ്ടു സമർപ്പിച്ചിരിക്കയായിരുന്നു എന്നുള്ളതു ഏറെ ആരും അറികയോ വിശ്വസിക്കയോ ചെയ്യാതിരിക്കയില്ല. ബി. ഏ. ജയിച്ചശേഷം എം. ഏ.ക്കു വായിക്കണമെന്നായിരുന്നു ആഗ്രഹമെങ്കിലും സ്വജനങ്ങളുടെ നിർബന്ധംകൊണ്ടുമാത്രം ബി. എൽ. പരീക്ഷയ്ക്കു പഠിച്ചു ജയിച്ച മിസ്റ്റർ മാത്യു എം. ഏ.ക്കു വായിക്കാൻ തുടങ്ങിയതു തനിക്കൊരു സ്കൂൾമാസ്റ്ററാകണമെന്നുള്ള ആഗ്രഹം നിമിത്തമായിരുന്നു. ഈ തരം ഔദാര്യവും സമുദായാഭ്യുദയകാംക്ഷയും യഥാർത്ഥമായി പ്രദർശിപ്പിച്ചിട്ടുള്ള ഒരു മാന്യൻ ഇനി നമ്മുടെ സഭയിലെന്നുണ്ടാകും?

ഈ വക സംഗതികൾ വിസ്തരിച്ചു പറയുംതോറും ഞങ്ങൾക്കു പൊട്ടിക്കരയാൻ അധികമധികം സന്ദർഭം ഉണ്ടാകുന്നു എന്നല്ലാതെ വേറെ ഫലമെന്താണുള്ളതു? അതുകൊണ്ടു ഒരിക്കലും അടക്കാൻ പാടില്ലാത്ത ദുഃഖത്തെ അല്പമെങ്കിലും ശമിപ്പിക്കാനായി ഉപയോഗപ്പെട്ടേക്കാവുന്ന മിസ്റ്റർ മാത്യുവിന്റെ ചില എഴുത്തുകൾ എന്റെയും വേറെ രണ്ടുമൂന്നു സ്നേഹിതന്മാരുടെയും കൈവശമുള്ളവയിൽ നിന്നു പ്രസ്താവയോഗ്യങ്ങളായ ചില ഭാഗങ്ങൾ താഴെ പക

ത്തുന്നു. ഇതുവായിക്കുന്നതു എല്ലാവൎക്കും പ്രയോജനകരവും മിസ്റ്റർ മാത്യുവിന്റെ മനോഗതങ്ങളെ മഹാജനങ്ങൾക്കു ദൃഢതരമായി അറിയുന്നതിന്നു സൌകൎയ്യപ്രദവും ആയിരിക്കും.

ഒന്നാമതായി അദ്ദേഹത്തിന്റെ ഹൃദയത്തോടു ഏററവും സമീപിച്ചിരുന്ന സ്കൂൾകാൎയ്യത്തെക്കുറിച്ചുള്ള ഭാഗങ്ങൾ തന്നെ പകൎത്താം.

൧. എന്റെ സ്കൂൾസ്കീം കളഞ്ഞിട്ടില്ല. അതിനെപ്പററി ആലോചനകൾ നടത്തിക്കൊണ്ടിരിക്കുമ്പോഴാണു പെട്ടെന്നു എഫ്. എ. ജയിച്ചെന്നു കമ്പി കിട്ടിയതു. ഉടനെ അതൊക്കെ തൽകാലത്തേക്കു നിൎത്തിവച്ചു ഇങ്ങോട്ടു പുറപ്പെട്ടു. ഇനി ബി. എ. ജയിക്കണമല്ലോ. പിന്നെ ഞാൻ വിചാരിച്ചിരുന്നതുപോലെ ആ കാൎയ്യത്തിൽ ഉദ്യമിക്കാൻ സാധിക്കുമോ എന്നുള്ളതു വളരെ സംശയമാണു. മററുള്ളവരെ എല്ലാവിധത്തിലും ഉത്സാഹിപ്പിക്കുന്നതു മാത്രമായി[illegible]നേക്കാം എന്റെ ജോലി. പക്ഷെ ഇപ്പോൾ ഞാൻ പ്രവേശിപ്പ[illegible] വിചാരിക്കുന്നതും എന്റെ ആഗ്രഹത്തിനും സ്വഭാവത്തിനും [illegible]ഷം യോജിക്കുന്നതല്ലല്ലൊ എന്നൊരു വ്യസനം. വിദ്യാഭ്യാസ[illegible] ഇ[illegible]യത്തിൽ പ്രവൃത്തിക്കുന്നതാണു എനിക്കു സന്തോഷം. എന്തുചെ[illegible] മററുള്ളവരുടെ ആഗ്രഹങ്ങൾ കൂടി സാധിച്ചുകൊടുക്കേണ്ട സ്ഥിതി[illegible]ലാണു ഞാനിരിക്കുന്നതു. ഉള്ളതുകൊണ്ടു തൃപ്തിപ്പെടുകയേ നിവൃത്തി[illegible]യുള്ളൂ. എങ്കിലും നിങ്ങളെപ്പോലെയുള്ള പരിഷ്കാരേച്ഛുക്കളുടെ [illegible]ഹായമുണ്ടെങ്കിൽ ഞാൻ ആദ്യം വിചാരിച്ചതുപോലൊന്നും സാധി[illegible]ച്ചില്ലെങ്കിലും അല്പമായിട്ടെങ്കിലും ആ വിഷയത്തിൽ പ്രവൃത്തിക്ക[illegible]മെന്നാണു ഇപ്പോൾ എന്റെ താല്പൎയ്യം.—മദ്രാസ്. [illegible]

൨. സ്കൂളിന്റെ കാൎയ്യത്തെപ്പററി നിങ്ങൾ എന്തൊ ചില[illegible]ല്ലാം ഇടവകപത്രികയിലേക്കു എഴുതിയിരുന്നെന്നു മാമ്മൻമാപ്പി[illegible] പറകയുണ്ടായി. ഈ സംഗതിയെപ്പററി വല്ലതും പത്രികയിലെ[illegible] എഴുതണമെന്നു വിചാരിച്ചിരിക്കയായിരുന്നു. മടികൊണ്ടു ഇതുവ[illegible]രെ സാധിച്ചില്ല. ഇപ്പോൾ നിങ്ങൾ അതു കഴിച്ചല്ലോ. വളരെ ന[illegible]ന്നായി. ഇനി അതിനെ പിന്തുടൎന്നു ആലുവായെ സൂചിപ്പിച്ചു ഒന്നുകൂടി എഴുതിയാൽ കൊള്ളാം. ആലുവായേക്കാൾ സൌകൎയ്യമുള്ളതായി വേറൊരു സ്ഥലം ഞാൻ കാണുന്നില്ല. സകലവിധത്തിലും ഉയൎന്നുവരാനുള്ള [illegible] എല്ലാം ആ സ്ഥലത്തിനുണ്ടെന്നു മുമ്പൊരിക്കൽ എഴുതിയിരുന്നല്ലോ. ഇതേവരെ പ്രോട്ടസ്റ്റന്റു ഉപദേശങ്ങളെ വടക്കുള്ളവർ ഒന്നാകെ തടുത്തു നിൎത്തി. അതു വളരെ ശ്ലാഘനീയം തന്നെ. ഇനി ആ സൂത്രങ്ങളൊന്നും പററുമെന്നു തോന്നുന്നില്ല. മൂഢതയിൽ മുങ്ങിക്കിടന്ന കാലത്തു പരിഷ്കാരങ്ങളെ തടുത്തുനിൎത്തി. വിദ്യാഭ്യാസത്തിന്റെ ഗുണദോഷങ്ങൾ അറിഞ്ഞുതുടങ്ങിയിരിക്കുന്ന കാലമാണിതു. വിശ്വാസങ്ങളുടെ ഗുരുലഘുത്വത്തെ ആലോചിക്കയാ

ണ്ണ ഇനിയത്തെ പുറപ്പാട്. അപ്പോൾ സുറിയാനിസഭയെപ്പറ്റി യാതൊരറിവും ഇല്ലാതിരിക്കുന്ന ചെറുപ്പക്കാർ ഓരോരൊ സഭയിലേക്കു തിരിഞ്ഞു തുടങ്ങും. കോട്ടയത്തു സിമ്മനാരിക്കോളേജു വടക്കു എവിടെയെങ്കിലും ഒരു സ്കൂൾ പ്രൊട്ടസ്റ്റന്റുകാർ സ്ഥാപിക്കുന്നതായാൽ നിശ്ചയമായിട്ടും വലിയ ആപത്തു വരും ഭവിക്കും. സ്വന്തമായി ഒരു സ്കൂൾ സുറിയാനിക്കാക്കുണ്ടായിരുന്നാൽ പക്ഷെ സുറിയാനിസഭയിലും ഏതാണ്ടെല്ലാം ഉണ്ടെന്നുള്ള ഒരു വിചാരം വരുവാൻ എളുപ്പമുണ്ട്. ദീവന്നാസ്യോസ് സിമ്മനാരി തന്നെ ദൃഷ്ടാന്തമാണ്. അതു തുടങ്ങിയതിൽ പിന്നെ സുറിയാനിസഭയ്ക്കു വളരെ സ്ഥിരത വന്നിട്ടുണ്ട്. ഓരോ വനവേദത്തു എന്തെല്ലാമൊരു വിചാരം വന്നേക്കും — മദ്രാസ് ൭-൫-൦൦.

൩. ആലുവാ സ്കൂളിനെപ്പറ്റി എഴുതാൻ നിങ്ങൾ പറയുന്നു ...ിക്കു അതിനുള്ള വാചാലത, ധൈര്യ, സാമർത്ഥ്യമില്ല. പിന്നെ ...ഴിയും പോരെങ്കിൽ മടിയു. ഒരു വൃത്തിയോഗക്കാരൻ ആകു...ം ഒരു ഉദ്യോഗസ്ഥനും ആദ്യമായി എഴുതുന്ന ഒരാളെക്കാൾ ന...ിച്ചു ഒരാൾക്കു സാമർത്ഥ്യമുണ്ടല്ലോ. അതുകൊണ്ടു നിങ്ങൾക്കു സമയമുണ്ടെങ്കിൽ എഴുതുവാനപേക്ഷ. ഞാനും എഴുതുവാൻ ശ്രമി...ം. എനിക്കു മലയാളമെഴുതുവാൻ തീരെ സാമർത്ഥ്യമില്ലെന്നു നി...ൾക്കറിയാമല്ലോ. ഇടവകതോറും സ്കൂൾ സ്ഥാപിക്കയെന്നുള്ളതു ...ത്രം നന്നല്ലതായിത്തീരേണ്ടതെങ്കിലും തൽക്കാലസ്ഥിതിക്കു അതു ഉപകാരപ്പെടുമോയെന്നു സംശയമാണ്. ഒന്നോ രണ്ടോ ഉപാദ്ധ്യായന്മാരെ ഇരുത്തി വല്ലതും ചിലതെല്ലാം പഠിപ്പിക്കുന്നതു ദോഷമാവാനാണെളുപ്പം. അതുകൊണ്ടു പൊതുവായി ഒരു സ്കൂൾ സ്ഥാപിക്കുന്നതിൽ തീരെ താല്പര്യവും ഇല്ലാതെ വന്നേക്കാം. നേരെ മറിച്ച് പൊതുവായി ഒരു സ്കൂൾ സ്ഥാപിച്ചാൽ അതു ഒരു നല്ല സ്ഥിതിയിൽ വന്നുതീരുമ്പോൾ പിന്നെ ഇടവകതോറും സ്കൂൾ സ്ഥാപിക്കുന്നതിനു എളുപ്പമുണ്ടു ............ ന്റെ പേക്കു ഞാൻ എഴുതിയിരുന്നു. മറുപടി ... പറയുന്നതു "ഞാൻ ശെമ്മാശ്ശന്മാരെയും കൊണ്ടു ആലുവായിൽ പോയിരിക്കാം. ഇത്ര ചിലവിനു തരു" "എന്നാണ ....... ന്റെ ഉദ്യമങ്ങൾ നിഷ്ഫലങ്ങളായിത്തീരുന്നതിന്റെ കാരണങ്ങളിൽ ഒന്നു ഇതാണ്. ഒന്നാമതു തന്നെ മൂന്നാലു ശെമ്മാശ്ശന്മാരെ വച്ചു യാതൊരു ഗുണവും ചെയ്യാത്ത സുറിയാനി പഠിപ്പിക്കുന്നതാണു സ്കൂളിന്റെ ഉദ്ദേശമെന്നാണു ധരിച്ചിരിക്കുന്നതു. രണ്ടാമതു ആലുവായിൽ ചെന്നു വെറുതെ മൂന്നു നേരം ഉണ്ണുന്നതുകൊണ്ടു ഇരുന്നതുകൊണ്ടു എന്തോ ഫലമാണ്. അച്ചൻ ജനങ്ങളെ ഉത്സാഹിപ്പിക്കയോ ജനങ്ങൾ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കയൊ ചെയ്യേണ്ടതു? അദ്ദേഹം ആലുവായിൽ പോയിരുന്നാൽ എന്തൊരു ഇംഗ്ലിഷാണു പഠിപ്പിക്കുന്നതു. നേരെ മറിച്ചു അദ്ദേഹം ചുറ്റി സഞ്ചരിച്ചു

ങ്ങളെ ഉത്സാഹിപ്പിച്ചാൽ എന്തെല്ലാം ഗുണങ്ങളുണ്ടാകും. ആ.... ....നെ കണ്ടെങ്കിലും പഠിക്കരുതെ. ഞാൻ ആക്ഷേപിക്കയാണെന്ന വിചാരിക്കരുതു — ൮-൰-൦൦.

൭. വേറൊരു കാൎയ്യത്തെപ്പറ്റി നിങ്ങളുടെ അഭിപ്രായം അറിവാൻ എനിക്കാഗ്രഹമുണ്ടു. എന്നിൽ നിന്ന വളരെയെല്ലാ ആഗ്രഹിക്കുന്നെന്നും മറ്റുള്ളവൎക്കായി പ്രയത്നിക്കേണ്ടതു എന്റെ ചുമതലയാണെന്നും മററു നിങ്ങൾ കുറെ മാസങ്ങൾക്കു മുമ്പെ എനിക്കു എഴുതിയിരുന്നതു ഓൎക്കുന്നുണ്ടായിരിക്കുമല്ലൊ. അതിനു ഇപ്പോൾ ഒരു പുതിയ വഴി തുറന്നിരിക്കുന്നു. നമ്മുടെ വടക്കുള്ള സുറിയാനിക്കാർ വിദ്യാഭ്യാസത്തിൽ വളരെ താണുനില്ക്കുന്നതു എത്ര സങ്കടം. എന്നു തന്നെയല്ല അതുകൊണ്ടു വളരെ ദോഷങ്ങൾ വന്നുകൂടുന്നുണ്ടു. വിദ്യാഭ്യാസം നമ്മുടെ ഇടയിൽ കൊണ്ടുവരുന്നതു മിഷ്യൻകാരാണു. വടക്കു ഇപ്പോൾ ഇക്കൂട്ടർ അധികം കടന്നിട്ടില്ല. അവരുടെ ഒരു സ്കൂൾ പ്രധാനമായിട്ടുണ്ടായാൽ ഇപ്പോഴുള്ള ഒരു നിലവിട്ടുപോ[...] ആ ആപത്തിൽനിന്നു നമ്മുടെ വടക്കരെ രക്ഷിക്കേണ്ടതു നമ്മു[...] ഓരോരുത്തരുടെയും ചുമതലയാണ. ആലുവാ ഇനി ഒരു പ്രധാ[...] ലമായി തീരുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. അവി[...] ഒരു പ്രധാനസ്ഥലത്തിനാവശ്യമുള്ള എല്ലാ ഗുണങ്ങളുമുണ്ടു. അവ[...] ഇംഗ്ലീഷുകാരുടെ ഒരു സ്കൂൾ ഉണ്ടു. അതു അവർ പ്രധാനമ[...] ന്നതിനു മുമ്പെ തന്നെ നമ്മുടെ ഒരു സ്കൂൾ അവിടെ തുടങ്ങിയ[...] വളരെ ഐശ്വൎയ്യത്തിൽ നടത്താമെന്നു എനിക്കു ധൈൎയ്യമുണ്ടു. [...]ത്തിനുള്ള മാൎഗ്ഗം ആലോചിച്ചാൽ വടക്കുള്ള എല്ലാ പള്ളിക്കാരും സ[...] ഹായിക്കണമെന്നുള്ളതു പ്രത്യക്ഷമാണ. അതു നല്ല നിശ്ചയമല്ലാത്ത ക[...] ൎയ്യമാണ. പറവൂർ പള്ളിക്കാൎക്കും അങ്കമാലി അകപ്പറമ്പു പള്ളിക്കാൎക്കും ഈ കാൎയ്യത്തിൽ വളരെ താല്പൎയ്യമുണ്ടു. പറവൂക്കാരാണ ഇതിൽ പ്ര[...] ന ഭാരവാഹകളായിരിക്കേണ്ടതു. അക്കാൎയ്യം ഞാൻ ഏറ്റു. അവ[...] നിന്നു ഒരു ൧൦൦- രൂപാ മാസംതോറും ആശിക്കാം. അങ്കമാലി[...] ത്തും വല്ലതും തരുമെന്നുള്ളതും ആശിക്കാം. തല്ക്കാലം ചുരുങ്ങിയ [...] ലയിൽ ഒന്നു തുടങ്ങിയാൽ ഏറെത്താമസിയാതെ ഒരു പ്രധാന വി[...] ദ്യാശാലയായി തീരും. ഇതിനെപ്പററി നിങ്ങൾക്കുള്ള അഭിപ്രായമെന്താണ? ആലുവായ്ക്കു ഞാൻ വിചാരിക്കുന്ന ഗുണങ്ങളുണ്ടോ? അതിനെക്കാൾ നന്നായ്ക്കു വേറൊരു സ്ഥലം നിങ്ങൾക്കു തോന്നുന്നുണ്ടോ? ഇതിനെപ്പററി ഞാൻ പറവൂർ പള്ളിയോഗത്തിലേക്കു എഴുതിയിരുന്നു. മറുപടി കിട്ടിയില്ലെങ്കിലും അവര അനുകൂലമാണെന്നു ഞാൻ അറിഞ്ഞു. ഇപ്പോൾ പള്ളിപ്രകാരം ഒരു ... ആരംഭിച്ചിരിക്കുന്നതുകൊണ്ടു അതു അവസാനിച്ചിട്ടു ഇതിനെപ്പററി ആലോചിക്ക — ൯-൰-൦൦.

(തുടരും.) എ. ബി. സി.

## പത്രിക വായനക്കാരനായ ഇരട്ടകണ്ണൻ നവീകരണക്കാരെക്കുറിച്ചു എഴുതിയ ഒന്നാം ലേഖനം.

### ൧. അദ്ധ്യായം.

൧. നവീകരണക്കാരുടെ കണ്ണുകടി.
൨. ഇവരുടെ താഴ്ചകളുടെ ഹേതു.

പിന്നെ ഉണ്ടായതു എന്തെന്നാൽ യാക്കോബായക്കാരുടെ നാമങ്ങൾ പ്രസിദ്ധമായിവരുന്നു എന്നു കണ്ടാറെ, നവീകരണക്കാരുടെകണ്ണുകളിൽ അസൂയതോന്നി.

൨. ഏതു പ്രകാരം ഇവരെ ... അടക്കപ്പെടുത്തേണ്ടു എന്നു ...ിലെ പ്രധാനന്മാരും ജന...ന്റെ മൂപ്പന്മാരും ഒന്നിച്ചു ... ആലോചിച്ചു.

൩. കണ്ടാലും, നമുക്കുണ്ടായി...ന്ന പള്ളികൾ എല്ലാം അവർ ...കവശപ്പെടുത്തി എന്നും ജന...ട്ടമെല്ലാം അവരുടെ പിന്നാ... ചാരുന്നതായി കാണുന്നു ...ന്നും [ഇവർ] തമ്മിൽ തമ്മി...പറഞ്ഞു മന്ത്രിച്ചു.

൪. എന്നാറെ ചിലർ, ൟ ...ാശി ആച്ഛിധീക്കനാൽ ചൊ...ല്ലപ്പെട്ട വചനം നിവൃത്തിയാകാൻവേണ്ടി ഇപ്രകാരം ഒക്കയും സംഭവിക്കുന്നു എന്നു നിരൂപിച്ചു. അതായ്തു ൟനിങ്ങൾ കഴിഞ്ഞ പുസ്തകം പോലെ [ചിതറപ്പെടും] എന്നുള്ളതുതന്നെ.

൫. എന്നാൽ ൟ സന്തതിയിൽനിന്നു സമാധാനത്തെ സംബന്ധിച്ചുള്ള കാര്യങ്ങൾ എടുത്തുകൊള്ളപ്പെട്ടതിന്റെ കാരണം എന്ത് എന്നു [നിങ്ങൾ] നിരൂപിക്കുന്നു,

൬ ദ്രവ്യക്കുറവിനാൽ തങ്ങളുടെ ഊർജ്ജിതം കുറഞ്ഞുപോക കൊണ്ടാകുന്നു എന്നു നിങ്ങൾ വിചാരിക്കുന്നുവൊ?

൭. അല്ലാ, എന്നു ഞാൻ നിങ്ങളോട്ടു പറയുന്നു.

൮. പിന്നെ ഇവയ്ക്കുള്ള കാരണം [ഞാൻ] പറയാം.

൯. എന്തെന്നാൽ, മത്ത്യൂസ്സ അത്താനാസ്യോസിന്റെ നാളുകളിൽ, അറബിയാ രാജ്യത്തു കുറുക്കമായുടെ ദയറായിൽ, ഇഗ്നാത്യോസ എന്ന പേരുള്ള ഒരു ആചാര്യൻ ഉണ്ടായിരുന്നു.

൧൦. ൟ ആചാര്യന്റെ വകയായിട്ടു ഇന്ദ്യാരാജ്യത്തു മലബാർ എന്നു നാമമുള്ള ഒരു തോട്ടം ഉള്ളതായി പൂർവന്മാരിൽനിന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ.

൧൧. എന്നാറെ ദയറാക്കാർ ൟ തോട്ടം മത്ത്യൂസ അത്താനാസ്യോസിനെ പാട്ടത്തിനേല്പിച്ചു.

൧൨. ഏതാനും സംവത്സരങ്ങളുടെ ശേഷം ഉണ്ടായതു എന്തെന്നാൽ തോട്ടത്തിലെ വേലക്കാർ വിളവു തിന്നുകയും വഞ്ചന പ്രവൃത്തികളും ചെയ്യുന്ന പ്രകാരം ദയറാക്കാർ തങ്ങളുടെ ചെവികളിൽ കേട്ടു.

൧൩. അപ്പോൾ ഇഗ്നാത്യോസ തന്റെ ഭൃത്യന്മാരിൽ വിശ്വസ്തനായ ഒരാളെ വിളിച്ചു തോട്ടക്കാരുടെ അടുക്കലേക്കു അധികാരപത്രത്തോടുകൂടി പറഞ്ഞയച്ചു.

൰൪. എന്നാൽ ആ തോട്ടക്കാർ ആ ഭൃത്യന്റെ നേരെ സന്തോഷം ഭാവിച്ചില്ലാ. അവർ അവനെ അപമാനിക്കയും ഭയപ്പെടുത്തുകയും അത്രെ ചെയ്തുള്ളു.

൰൫. അപ്പോൾ തോട്ടത്തിന്റെ ഉടമസ്ഥൻ പറഞ്ഞു. ഞാൻ എന്തു ചെയ്യേണ്ടു. ഞാൻ തന്നെ അത്രടം ഒന്നു പോയ്ക്കളഞ്ഞാലൊ. പക്ഷെ എന്നെ അവർ ശങ്കിക്കുമായിരിക്കും.

൰൬. എന്നാറെ, കുടിയാന്മാർ തന്നെ കണ്ടിട്ടു. ഇവൻ അവകാശി ആകുന്നു; വരുവിൻ ആ അവകാശം നമ്മുടെ തനതാക്കേണ്ടുന്നതിന്നു നാം ഇവന്റെ അവകാശത്തെ ഇല്ലായ്മ ചെയ്യേണം എന്നു തമ്മിൽ തമ്മിൽ പറഞ്ഞുകൊണ്ടു പല്ലുകളെ കടിച്ചു.

൰൭. അത്രയുമല്ല പിതാവും യജമാനനുമായ ആ വൃദ്ധനെ അവർ അന്യായക്കാരോടു കൂടി എണ്ണപ്പെട്ടു.

൰൮. ആകയാൽ തോട്ടത്തിന്റെ ഉടയവൻ ആ ഭൃത്യന്മാരെ കുറിച്ചു എങ്ങനെ വിചാരിക്കും.

൰൯. അവൻ ആ വല്ലാത്ത അക്രമികളോടു, വല്ലാതെ പ്രതിക്രിയ ചെയ്യാതെ വിട്ടയക്കുമൊ?

൨൰. ഇല്ലാ. എന്നു എനിക്കു തോന്നുന്നു.

൨൰൧. അതുകൊണ്ടു സാക്ഷാൽ ഉടമസ്ഥനായവനെ പീഡിപ്പിക്കയും ചെയ്യുതായ ആ ജാതിയോടു, അതെ ആ തലമുറയോടു തന്നെ അവൻ ഇപ്പോൾ പ്രതിക്രിയ നടത്തുകയാകുന്നു എന്നു ഞാൻ നിശ്ചയമായിട്ടു നിശ്ചയമായിട്ടു നിങ്ങളോടു പറയുന്നു.

൨൰൨. കണ്ടാലും തന്റെ ശുദ്ധിമാന്മാരെ ദ്രോഹിക്കയും പിതാക്കന്മാരെ കൈക്കൊള്ളാതെ ഇരിക്കയും ചെയ്യുന്ന നവീകരണമെ! ഒരു പിടക്കോഴി കാണാതെപോയ തന്റെ കുഞ്ഞുങ്ങളെ കൊക്കി വിളിക്കുന്നപ്രകാരം നിന്റെ മാതാവായ യാക്കോബിയർ നിന്നെ ചേൎത്തുകൊള്ളുവാൻ എത്രവട്ടം മനസ്സായി. എന്നിട്ടും നിനക്കു മനസ്സായില്ല.

൨൰൩. അതിനാൽ ഇപ്പോ[illegible] കില്ലാ നിന്റെ സഭയുടെ [illegible] ധാനത്തെ സംബന്ധിച്ചു[illegible] യങ്ങളെ നീ താനും അറി[illegible] ച്ചിരുന്നെങ്കിൽ എന്നാൽ [illegible] നിന്റെ കണ്ണുകൾക്കു മുമ്പാ[illegible] [ഇപ്പൊൾ] മറവായിരിക്ക[illegible] ൽ ഖേദിപ്പിന്റെ ഗുണം ന[illegible] ക്കു തിരിച്ചറിവാൻ കഴിയാ[illegible] യിരിക്കുന്നു. പിന്നിട്ടു നി അ[illegible] യും താനും.

൨൰൪. അപ്പോൾ നിന്നെ[illegible] തക്ഷിണീയ ബൈസന്ത്യക്കാ ബ[illegible] സുന്മാൎക്കും സഹിക്കാവതാകും എന്നു ഞാൻ പറയുന്നു.

## ൨ അദ്ധ്യായം.

൧. മാൎത്തോമ്മാക്കാരുടെ ദുരാലോചന. ൨. താരകയുടെ അവിവേകം.

ഈ കാൎയ്യങ്ങളുടെ ശേഷം ഉണ്ടായതു എന്തെന്നാൽ, പല സംഗതികൾ കൊണ്ടും നവീകരണക്കാൎക്കു യാക്കോബിയരെ കണ്ടുകൂടാത്തവണ്ണം ദ്വേഷം വൎദ്ധിച്ചു.

൨. വല്ലപ്രകാരവും ഇവരെ കുടുക്കിലകപ്പെടുത്തുവാൻ നവീക

രംനക്കാർ തരവും തക്കവും അ
ന്വേഷിച്ചുകൊണ്ടിരുന്നു.

൩. അപ്പോൾ ഉണ്ടായ്വു, തി
രുവിതാംകൂറിന്റെ അത്യാരാക്ക
പ്പുറമായ കൊച്ചിക്കാരുടെ ദേശ
ത്തുനിന്നു അരന്ത സന്ദേശം എ
ന്നു പേരുള്ള ഒരു വൎത്തമാനപ്പ
ത്രം പുറപ്പെട്ടു.

൪. ഇതിൽ നാട്ടുവാഴിക്കു രു
ചിക്കാത്തതായ പല കാൎയ്യങ്ങളും
അടങ്ങിയിരുന്നു.

൫. അതിനാൽ സന്ദേശത്തി
ൻ ഉടമസ്ഥത യാക്കോബായ
ടെ തലയിൽ ചുമത്തണമെ
വികരംനക്കാർ നിശ്ചയി

. എന്നാൽ രാ വിവരം ത
ടെ ചാച്ചക്കാരിയായ താര
യക്രി ഗ്രഹിപ്പിച്ചപ്പാനാ വിട്ടു
മാത്തോമ്മാക്കാരൻ അവളു
ണ്ടെട്ടുക്കടലക്ക കരേറിച്ചെന്നു.

. മാത്തോമ്മാക്കാരൻ കരേ
രുന്നു എന്ന താരക കണ്ട
ൾ [അവൾ] അവളുടെ ശ
ഉയൎത്തി ചിരിച്ചുകൊണ്ടു
വന്നു അവനെ കെട്ടിപ്പിടി
ച്ചു ആലിംഗനം ചെയ്തു ചുംബി
ച്ചു

൯. പിന്നെ, ഇംഗ്ലീഷു ഭാഷ
യിൽ "പാൎല്മെണ്ടിയ" എ
ന്നു പറയപ്പെടുന്ന മുറിയിലേക്കു
അവൾ അവനെ കൂട്ടിച്ചുംകൊ
ണ്ടു പോയ

൰. എന്നാറെ ഇവർ അവി
ടെ ഇരുന്നുകൊണ്ടു തങ്ങളുടെ വാ
യെ തുറന്നു യാക്കോബ്യക്കു വി
രോധമായി പറുപിറുത്തു.

൰൧. പിന്നെ ഉണ്ടായ്തു എന്ത
ന്നാൽ [ഇവർ] രാജാവിനു വി
രോധമായി ദുഷ്ക്രൂർ ആലോ
ചിക്കയും ബ്രാഹ്മണരെ ഭിന്നി
പ്പിക്കയും നായർ ജാതിയെ അ
തിക്ഷേപിക്കയും ചെയ്യുംപ്രകാ
രം ഞങ്ങൾ കാണുന്നു എന്നു മാ
ത്തോമ്മാക്കാരൻ യാക്കോബ്യരു
ടെമേൽ കള്ളസാക്ഷി ബോധി
പ്പിച്ചു

൰൨. ഈ വൎത്തമാനം എത്ര
യും വേഗത്തിൽ [ക്രിസ്ത്യാനത്തെ
രുവു] എന്നു ഇപ്പോൾ വിളിക്ക
പ്പെടുന്ന വെട്ടിക്കുടി മുതൽ കര
മനയുടെ തീരംവരയും പരന്നു.

൰൩. അപ്പോൾ ക്ക പുരുഷാര
ത്തിന്റെ ഇടയിൽ വലിയ ക
ലക്കവും ഭ്രമവും ഉണ്ടായി.

൰൪. എന്നാറെ, മാത്തോമ്മാ
ക്കാരന്റെ ലേഖനത്തിൽ പര
മാൎത്ഥം വല്ലതുമുണ്ടോ എന്നു അ
റിവാനായി പത്രിക അവളുടെ
കണ്ണുകളെ ഉയൎത്തി നോക്കി.

൰൫. അപ്പോൾ മാത്തോമ്മാ
ക്കാരൻ ചുമത്തിയ കുറ്റങ്ങൾ ഒ
ന്നും അവൾ യാക്കോബ്യരിൽ
കണ്ടില്ല മാന്യന്മാരായ നായ
ന്മാരും കണ്ടില്ല.

൰൬. അതുകൊണ്ടു പത്രിക,
മാത്തോമ്മാക്കാരന്റെ അധിക
പ്രസംഗം നിമിത്തം അവനെ
ശാസിച്ചു.

൰൭. അപ്പോൾ മാത്തോമ്മാ
ക്കാരൻ; നീയും സന്ദേശക്കാരോ
ടുകൂടെ ഉള്ളവൾ അല്ലയൊ? നി
ന്റെ വാക്കു അതിനെ സാക്ഷി
ക്കുന്നുവല്ലൊ എന്നു പറഞ്ഞു.

൰൮. എന്നാറെ ഇവർ തങ്ങ
ളുടെ കണ്ണുകളിൽ പിന്നെയും ഉത്ത

മായതിനെ ചെയ്യുന്നില്ല എന്നു കണ്ടപ്പോൾ താരകയും, പത്രികയും തമ്മിൽ ദുഃഖങ്ങളെ ഭേദമാക്കി.

൭൫. അപ്പോൾ, ഉന്നതകളിലും ഗ്രാമങ്ങളിലുമുള്ള സകല ജനങ്ങൾക്കും ഏറ്റം ഭയം പിടിച്ചു

൭൬. നവീകരണവും നവീകരണക്കാരോടു കൂടെ ഭംഗിയായും വീഴത്തക്കവണ്ണം പത്രിക താരകയോടു പൊരുതു് മാർത്തോമ്മാക്കാരന്റെ ഇടയുടെ തടത്തെ ഉളുക്കി.

൭൭. മാർത്തോമ്മാക്കാരൻ മുടന്തനായി എന്നു കണ്ടപ്പോൾ താരക അവളുടെ കൂടാരത്തിലേക്കു ഓടിപ്പോകളഞ്ഞു.

---

## ഒരു മരണം.

നിരണത്തു പള്ളിയിൽ വികാരി ദിവ്യശ്രീ മട്ടയ്ക്കൽ ഗ… ൻ കത്തനാരവർകൾ ൟ മാസം ൧൦ാം നു ബുധനാഴ്ച അ… ൯ മണിയോടുകൂടെ തന്റെ ൬൫-ാമത്തെ വയസ്സിൽ പരലോക… പ്രാപ്തനായി എന്നുള്ള വ്യസനവർത്തമാനം വായനക്കാരെ അറി… യിക്കൊള്ളുന്നു. ഇദ്ദേഹം ൧൦൦൭-ാം ആണ്ടു മകരമാസം ൧൪-ാം നു ജനിച്ചു. തന്റെ മാതാവു തനിക്കുമുമ്പായി നാലഞ്ചു് കുട്ടികളെ പ്രസ… എങ്കിലും അവരെല്ലാം നാൽപതു ദിവസം കൂടാതെ അപ്പഴപ്പോൾ… ഇല്ലാതാക നിമിത്തം ആ കാലത്തെ നടപ്പനുസരിച്ചു തന്നെ ഓടി പള്ളത്തു കയറ്റുക ചെയ്തു. ഇങ്ങിനെ വളർത്തപ്പെട്ടു വരു… ൾ തന്റെ ഏഴാമത്തെ വയസ്സിൽ പിതാവും മാതാവും മരിച്ചു… യി. പിതാവു ഒരു പട്ടക്കാരനായിരുന്നു. പിതാവിന്റെ മര… ത്തിൽ പുത്രനെ തന്റെ സഹോദരനും ആ കാലത്തെ നായകന്മാ… ഒരാളുമായ പുതിയോട്ടു വല്യ അച്ചൻ അവർകളെ ഭരമേല്പി… അദ്ദേഹത്തിന്റെ ഉത്സാഹത്തിന്മേൽ ൧൩-ാമത്തെ വയസ്സിൽ… പ്പോട്ടു മാർ ദീവന്നാസ്യോസു അവർകളിൽനിന്നും ശെമ്മാശുപട്ടം ഏല്ക്കുകയും അനന്തരം കണിയാന്ത്ര വല്യ അച്ചൻ അവർകളുടെ അടുക്കൽ ശിഷ്യപ്പെട്ടു സുറിയാനി അഭ്യസിച്ചു ആ കാലത്തെ സഹിതക്കു പ്രകാരം അതിൽ പൂർണ്ണനായിതീർന്നു കത്തനാരുപട്ടം ഏൽക്കയും ചെയ്തു. ഇദ്ദേഹം നല്ല സ്വഭാവം ബാല്യം മുതലെ ഒരു ഭക്തനും സത്യവാനും ആയിരുന്നു. സത്യം, നീതി, വിനയം, സൌശീല്യം, ഭക്തി, മുതലായ ഗുണങ്ങൾ കണ്ടറിഞ്ഞതുകൊണ്ടും ഇടവകക്കാരു പ്രത്യേകമായി അപേക്ഷിക്കയാലും അന്ത്യോഖ്യാ പാത്രിയർക്കീസു ബാവാ നിരണത്തു വന്ന സമയം ൟ പള്ളിയിലെ പൂർവ്വ നടപ്പിനു വിരോധമായി വികാരിയും മൂപ്പും ആയിട്ടു കല്പിച്ചു നിശ്ചയിക്കയും അന്നുമുതൽ തന്റെ ഇടവകയെ കഴിവിന്നുതക്കവണ്ണം ഉത്തമരീതിയിലും സ

ന്മാൎഗ്ഗത്തിലും ഭരിക്കയും വിശിഷ്യാ താൻതന്നെ ഒരു ദൃഷ്ടാന്തക്കാര
നായി കാണിച്ചുകൊടുക്കയും ചെയ്തിരുന്നതിനാൽ ജനങ്ങൾക്കു സീ
മാതീതമായ ബഹുമാനവും സ്നേഹവും ലഭിച്ചിരുന്നു. തൻമൂലം ത
ന്റെ ഇഷ്ടയപുത്രനെ പിൻഗാമിയായി ൧൦൭൫-ൽ കഴിഞ്ഞുപോ
യ മാർ ഗ്രിഗോറിയോസ്സ മെത്രാപ്പോലീത്താ അവർകളെക്കൊണ്ടു
ശെമ്മാശ്ശുപട്ടം കൊടുപ്പിക്കയും ൧൦൭൬-ൽ കത്തനാരാക്കുകയും ചെയ്തു.
രണ്ടുമൂന്നു വൎഷത്തിനു മുമ്പുവരെ തന്റെ ജോലികൾ ശരിയായി
ചെയ്യുന്നതിനു തക്ക ശക്തിയും സുഖവും ഉണ്ടായിരുന്നു. പിന്നീടു
യഥേഷ്ടം സഞ്ചരിക്കുന്നതിനും മറ്റും തക്ക ഏനമില്ലാതെ വന്നതിനാ
ൽ പള്ളിക്കാൎയ്യം തന്റെ ആലോചനയോടുകൂടി നടത്തിവന്നിരു
ന്നു. ഇദ്ദേഹം ൟ കുഡുംബത്തിലെ പത്താമത്തെ പട്ടക്കാരനാ ആ
ണ്. ഇദ്ദേഹത്തിന്റെ ചാർച്ചക്കാരായി വേറെ മൂന്നുനാലു പട്ടക്കാരും
[ഉ]ണ്ടു. പള്ളിക്കാൎയ്യങ്ങൾ മകൻ ആലക്സന്ത്രയോസു കത്തനാരവർ
[കളെ ഉത്തരവാദി]ച്ചുമതലപ്പെടുത്തിയതുമുതൽ തന്റെ സമയം മുഴുവൻ വേദപു
[സ്തകവാ]യനയിലും പ്രാൎത്ഥനയിലും കഴിച്ചുകൂട്ടുകയാണു ചെയ്തുവ
[ന്നതു.] ഇങ്ങനെയിരിക്കെ കൊച്ചുതിരുമേനി കാലം ചെയ്തുപോക
[യും ത]ന്റെ അന്ത്യശുശ്രൂഷകൾ നടത്തിക്കുന്നതിനെപ്പറ്റിയു
[ണ്ടാ]യിരുന്ന ആശ നഷ്ടപ്പെട്ടുപോകയാൽ വലിയ ഇച്ഛാഭംഗത്തി
[നും] വ്യസനത്തിനും ഇടയായിതീൎന്നു എങ്കിലും തനിക്കു വലിയ സു
ഖക്കേടില്ലാതിരുന്ന സമയത്തു തന്റെ പ്രത്യേക അപേക്ഷയിന്മേൽ
വ. ദി. ശ്രീ. മലങ്കര ഇടവകയുടെ മാർ ദീവന്നാസ്യോസ്സ മെത്രാ
[പ്പോ]ലീത്താ അവർകളും ചാലപ്പുറത്തു യാക്കോബു റമ്പാൻ അവർ
[കളും], മലങ്കര മല്പാൻ വട്ടശ്ശേരിൽ ഗീവർഗീസ കത്തനാർ, ശ്ലീബാ
[ശെ]മ്മാശൻ മുതലായ വിദേശിയരും സമീപവാസികളും സ്വദേശി
[കളാ]യ പല പട്ടക്കാരും ശെമ്മാശന്മാരും ൟ ഇടവകയിൽ പെട്ട
[അ]നേകം ജനങ്ങളും പള്ളിയിൽ കൂടുകയും അന്നേ ദിവസം രാത്രി
[യിൽ] ഒന്ന ശുശ്രൂഷ നടത്തുകയും അവസാനത്തിൽ തന്റെ ഇടവ
ജനങ്ങൾ മേലാലും ദൈവഭക്തിയിലും സത്യജീവിതത്തിലും വള
രേണമെന്നും തനിക്കുവേണ്ടി പ്രാൎത്ഥിക്കണമെന്നും മറ്റും തന്റെ ഉ
പദേശിക്കയും എല്ലാവരോടും മോചനം ചോദിച്ചശേഷം സമാ
ധാനം പറകയും അന്യോന്യം സ്നേഹം നിറഞ്ഞ ഹൃദയത്തോടുകൂടെ
ദുഃഖമാനസരായി പിരികയും ചെയ്തു.

കുറെ ദിവസം കഴിഞ്ഞതിന്റെ ശേഷം പെട്ടന്നു വാതരോഗം
കോപിച്ചു കിടപ്പിലാകയും ക്രമേണ കൂടുകയും കുറകയും ചെയ്തുവന്നു.
൧൦൦ മാസം ആദ്യം പെട്ടന്നു ദീനം കൂടുകയും കൎത്താവിൽ ഉള്ള ആശ
യോടുകൂടി ഇഹലോകവാസം വിടുകയുമാണു ചെയ്തതു. ആ രാത്രി
തന്നെ മാർ ദീവന്നാസ്യോസ്സ മെത്രാപ്പോലീത്താ അവർകൾക്കു ക
മ്പി കൊടുക്കയും ശവസംസ്കാരം വെള്ളിയാഴ്ച പത്തുമണിക്കായിട്ടു

ടി നടത്തത്തക്കവണ്ണം ഠരം ഇടവകയിലും സമീപസ്ഥലങ്ങളിലും പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. വ്യാഴാഴ്ച കാലത്തു എട്ടുമണിക്കു മാർ ഈവാനിയോസു മെത്രാപ്പോലീത്താ അവർകളും വട്ടശ്ശേരിൽ ഗീവറുഗീസുറമ്പാൻ അവർകളും പുറപ്പെട്ടിരിക്കുന്നതായി മറുപടി കമ്പി കിട്ടുകയും ശവസംസ്കാരത്തിനു വേണ്ട വട്ടംകൂട്ടുകൾക്കു ആരംഭിക്കയും ചെയ്തു. അന്നേദിവസം രാത്രി എട്ടു മണിയോടുകൂടി മെത്രാപ്പോലീത്താ അവർകളും പരിവാരസമേതം ഇവിടെ എത്തി വന്നയുടനെ ശുശ്രൂഷ ആരംഭിക്കയും വെള്ളിയാഴ്ച കാലത്തു ൭- മണിക്കു കൊടി, കുട, കുരിശു മുതലായ ഘോഷയാത്രയോടുകൂടി പള്ളിയിൽ കൊണ്ടുവരികയും പ്രധാന ബലിപീഠത്തിൽ മെത്രാപ്പോലീത്താ അവർകളും ഉപപീഠങ്ങളിൽ വട്ടശ്ശേരിൽ ഗീവറുഗീസു റമ്പാൻ അവർകളും, കൊടിയാട്ടു യാക്കോബു കത്തനാരവർകളും കുർബ്ബാനങ്ങളും കുർബ്ബാനയുടെ ശേഷം ശവസംസ്കാരത്തിനു ആരംഭി[illegible]യും ചെയ്തു. ചെന്നിത്തല, മാവേലിക്കര, പുത്തൻകാവു, തിരു[illegible] പള്ളി കാരക്കാട, മെപ്രാ, മാന്നാർ, വീയപുരം മുതലായസ്ഥലങ്ങളി[illegible]ന്നും മറ്റുമായി ഏകദേശം നാല്പതു പട്ടക്കാരും നിരണം ഇട[illegible] ഉൾപ്പെട്ട രണ്ടു കക്ഷിയിലെ ജനങ്ങളും പട്ടക്കാരും ഉണ്ടായിരു[illegible] ശവസംസ്കാരം വളരെ ഭംഗിയായും മനോഹരമായും മാർ ഈവാനിയോസു മെത്രാപ്പോലീത്താ അവർകൾ തന്നെ നടത്തുകയും ന[illegible]ണിയോടുകൂടി അവസാനിക്കയും ഏററവും വിശേഷമായി അല[illegible]ച്ച ഒരു പെട്ടിയിൽ അടക്കുകയും ചെയ്തു. അനന്തരം ഗീവറുഗീ[illegible] റമ്പാൻ അവർകൾ വളരെ യുക്തിയുക്തമായും സന്ദർഭോചിതമാ[illegible] ഒരു ചെറിയ പ്രസംഗം പറഞ്ഞു അവസാനിപ്പിച്ചശേഷം എല്ലാ[illegible]രും വീട്ടിൽ കൂടി അടിയന്തിരത്തിനെ സംബന്ധിച്ചു ആലോചി[illegible] അടിയന്തിരം ൧൦൦ മാസം- ൨൮- ൹ ശനിയാഴ്ച ഇടവകക്കാരാ[illegible] ആഘോഷപ്പെടണമെന്നും ൧൫൦- പറ അരിയും അതിനു വേണ്ട വിഭവ[illegible]ങ്ങളും ഉണ്ടായിരിക്കണമെന്നും നിശ്ചയിച്ചു ഒരു ലിസ്റ്റു തയാറാക്കി യോഗം പിരിഞ്ഞു. ഇതുനിമിത്തം ഇടവക ജനങ്ങൾക്കു കഴിഞ്ഞുപോയ ബഹനാൻ കത്തനാരവർകളോടു എത്രമാത്രം സ്നേഹമുണ്ടെന്നുള്ളതു ഊഹിക്കാവുന്നതാണല്ലോ. എന്നു തന്നെയുമല്ല വ്യവഹാരംകൊണ്ടും കക്ഷിതർക്കംകൊണ്ടും വഴക്കു വർദ്ധിച്ചിരിക്കുന്ന കാലത്തു എതൃകക്ഷികൾ കൂടി ഒന്നുപോലെ വന്നുചേർന്നതിനാലും ടി. കത്തനാരവർകളുടെ ഭരണനൈപുണ്യം സ്വഭാവഗുണം ഇവകൾ വെളിപ്പെടുന്നതാകുന്നു. ടി. കുഡുംബക്കാരോടുകൂടി ഞാനും സഹതപിക്കുന്നു

എന്നു കെ. എം. പി.

# പ്രസംഗം.

## ൩൬൯-ാം പുറത്തു അവസാനിച്ചശേഷം (തുടൎച്ച)

ഇപ്രകാരം ഇരിക്കുന്നതിനാൽ നീ ഇനി ഞങ്ങളെക്കൊണ്ടു നീ തന്നെ നോക്കിക്കൊൾക. എന്തു പറയുന്നു, നിനക്കു കിട്ടിയിരിക്കുന്ന കട്ടിവിഹനെ മടിയനും മിനക്കെടപ്പെട്ടവനും ആയ പന്നിറത്തിനോടു സദൃശമായി വച്ചിരിക്കുന്നവൊ നിന്നെ അവനോടു സദൃശമാക്കിയല്ലൊ "ഈ ലോകത്തിന്റെ ദൈവം ആകുന്നു. എന്നോക്ക. ഞങ്ങൾ കണ്ടു.... നിന്നോടു പറയിപ്പിച്ചു നാം ആയ ബലിവിയത്താൻ" ഒന്നുതന്നെ എന്നോക്ക. എന്തെന്നാൽ അവൻ നന്മെക്കെതിരാളിയാകുന്നു. അവന്റെ സ്വഭാവവും അതു തന്നെ ഇതിനെ സംബന്ധിച്ചു ഒരു പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതിനെ മനസ്സിരുത്തി വായിക്കാം "...റിയൊ തോബ സോഫ് ലെ... ബശത്തൊശീദൊബിശത്തൊഫ് ലാഫ് തൊബ... ബിശത്തൊ ഹ് ലാഫ് ബിശത്തൊ [illegible] തൊബസൊഫ്... ഫ് തൊബസൊ" ഇതാ ദൈവം തിന്മെക്കു നന്മയും പശാചന്നു തിന്മെക്കു തിന്മയും മൃഗം തിന്മെക്കു തിന്മയും മനുഷ്യൻ നന്മെക്കു നന്മയും ചെയ്യുമെന്നാകുന്നു പറഞ്ഞതു. ആദാമിൻ സന്തതിയെ! ദൈവത്തിൻ സൃഷ്ടിയെ! നീ ഇതിൽ ഏതു സ്വഭാവത്തെ ആണ തെരിഞ്ഞെടുത്തിരിക്കുന്നതു ദൈവത്തിന്റെയൊ പിശാചിന്റെയൊ മൃഗത്തിന്റെയൊ മനുഷ്യരുടെ തന്നെയൊ കിംബഹുനാ പരിശോധിച്ചു നോക്കിയാൽ അസത്യവാദിയും അസത്യം ഞങ്ങൾക്കുടെ പിതാവു" ആയവന്റെ എന്നതല്ലിയും അവന്റെ സ്വഭാവങ്ങളാൽ ഉളവാകുന്ന സംഭവങ്ങളെക്കുറിച്ചൊ മേൽ പ്രസ്താവിച്ചു എങ്കിലും സ്വല്പം കൂടെ പറയുന്നു ...ന്റെ ഇഷ്ടത്തിനൊത്തവണ്ണം [illegible] കാരമില്ലത്തവനെ ...റികൊടുത്തിട്ടു അവനെ എന്തു അപകടത്തിലാക്കി എന്നോക്കുക ...ാ അവനെ ചെട്ടിഞൊന്നു മരിക്കുന്നതിനും സ്ഥാനഭ്രഷ്ടനും നരകവാസത്തിനും കൂടൽ തുറപ്പിനും ഞങ്ങൾക്കൊരു എന്നുള്ള വ്യസനകരമാണ്ടപ്പേഴ് വിക്കും അല്ലയൊ അതുനാൽ ഈ വഞ്ചകന്റെ സ്വഭാവത്തെയും "നിങ്ങളെ പ്രിയപ്പെട്ടവനെ നിങ്ങളും പ്രിയപ്പെട്ടാൽ എന്തു പ്രയോജനം ചുങ്കക്കാരും പാപികളും അപ്രകാരം ചെയ്യുന്നില്ലയൊ" എന്നു കൎത്താവു കല്പിച്ചിരിക്കുന്നതുകൊണ്ടു മേൽ പ്രസ്താവിച്ച നമ്മുടെ സ്വഭാവത്തെ... ഗുണങ്ങൾ തിന്മെക്കു തിന്മയും ശ്രേഷ്ഠതിയും ചെയ്യുന്നതാകകൊണ്ടു അവകളുടെ സ്വഭാവത്തെയും സൃഷ്ടികളുടെ ദൈവസ്വഭാവത്തെ എടുക്കാം. ദൈവത്തിൻ സൃഷ്ടി തന്റെ സ്വഭാവത്തെ വരുത്തിക്കൊൾവാൻ കഴിയുന്നവൻ ആരു [illegible] എന്തു കല്പിക്കുന്നു "നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ. നിങ്ങളെ പകെക്കുന്നവൎക്കു ഗുണം ചെ

യ്യിൻ. നിങ്ങളെ ഉപദ്രവിക്കയും പീഡിപ്പിക്കയും ചെയ്യുന്നവൎക്കു വേ
ണ്ടി പ്രാൎത്ഥിക്കയും ചെയ്യിൻ. (മ. ൫. ൪൪.) എന്നല്ലയൊ താൻ
കല്പിക്കുന്നവൻ മാത്രമല്ല പ്രവൃത്തിക്കുന്നവനും കൂടെ തന്നെ എന്നോ
ൎക്ക. നാം ദൈവത്തിന്റെ ശത്രുക്കളായിരുന്നപ്പോൾ നമ്മെ ര
ക്ഷിക്കുന്നതിനായിട്ടു പിതാവാം ദൈവം തന്റെ വാത്സല്യപുത്രനെ
ഭൂമിയിലേക്ക അയക്കുകയും അവൻ അനേക കഷ്ടപ്പാടുകൾ നമുക്കു
വേണ്ടി സഹിച്ചു അവസാനത്തിൽ മരിച്ചുയൎത്തെഴുന്നേല്ക്കുകയും അ
തിനാൽ നടുവിൽ നിന്നിരുന്ന വേലിയെ (എഫെസിയാ. ൨. ൧൪.)
പൊളിച്ചുകളയുകയും നിരപ്പും സമാധാനവും നമുക്കു തരികയും ചെ
യ്തില്ലയൊ. ആകയാൽ ഈ സ്വഭാവത്തെയും അവരോടുകൂടെ സ
ഹോദര സ്നേഹത്തെയും വഹിക്കുന്നു അപ്പോൾ ദൈവം നമ്മിൽ
വസിക്കും. "ഈ ലോക അന്ധകാരത്തിന്റെ അധിപതി" നമ്മെ തനി
നിറഞ്ഞും. ഞങ്ങൾക്കെന്തു എന്നുള്ള "ശത്രുക്കളുടെ" വചനത്തിനു ......
ശമനോമിത്തിരിക്കയില്ല ഹാ. പ്രിയ വായനക്കാരാ! അല്ലെങ്കിൽ ......ള്ള
കേൾവിക്കാരാ! നീ ഈ വാക്കുതന്നെ കഥിപ്പാൻ അല്ലെങ്കിൽ ഗ്ര......വൎം
പ്പാൻതന്നെയൊ ഇരിക്കുന്നു. അതയൊ തന്റെ കട്ടിവിരാ......ം ഇ......
കച്ചവടം ചെയ്യു ലാഭിക്കുന്നതിനു ഇനിയുന്നൊ. സഖേ. ഒട്ടും അ......
തിക്കണ്ടാ. കാലം അവസാനിച്ചു "ഒരു സംവത്സരംവരെ നില്ക്ക
ട്ടെ. (ലൂക്കൊ. ൧൩. ൭. ൮.) എന്നു പറഞ്ഞിട്ടു ഇതാ ഇപ്പോൾ ഉദ്ദേ
ശ്യപ്രകാരം സംവത്സരം ആയിരിക്കുന്നു. താൻ എത്രത്തോളം ദീൎഘ
ക്ഷമിക്കണമെന്നു നീ തന്നെ ഓൎക്കുക. സഖേ ഇനിയും ക്ഷമ
സഹിച്ചുരുത്താതെ കച്ചവടത്തിനു പുറപ്പെടുക. ഇതാ നിന്റെ
ശത്രുക്കൾ കച്ചവടം ചെയ്യു "ഒന്നു വലക്കാതാനല്ലെങ്ങൾ നിന്റെ
പിന്നാലെ വരും എന്നു പറഞ്ഞുകൊണ്ടിരിക്കുന്നു. നീ ഈ വാക്കു
കേൾപ്പാനും തയാറുള്ളവനൊ? എന്നാലോചിക്കുക. തയാറില്ലെങ്കിൽ
ഞങ്ങൾക്കെന്തു എന്നു പറഞ്ഞിരിക്കാതെ ജോലിയിൽ പ്രവേശിക്ക
ക്രിസ്തുവിൽ ശോറെന നമുക്കു സഹായിയായികിട്ടിയിരിക്കുന്ന വാത്സല്യ
പാപങ്ങൾ നിന്നെ കഴുകേണ്ടതു ചെട്ടിക്കുമെന്നു സ്തെഫനൊസിന്റെ ദൃ
ഷ്ടാന്തത്തെ മനസ്സിൽ വരുത്തികൊണ്ടു ചിന്തിക്കുക. വ്യഭിചാരിനി
കളും മദ്യപാനി, കള്ളസാക്ഷിക്കാരാ, മോഷ്ടാവെ, കുലപാതകാ,
പ്രയോജനമില്ലാത്ത ശുശ്രൂഷക്കാരാ നിങ്ങളെയും അപശാചുക്കളുടെ
പ്രഭു" എങ്ങോട്ടു വലിച്ചുകൊണ്ടുപോകുന്നു. കെട്ടിണ്ടാലേണ്ടുന്ന സ്ഥ
ലത്തേക്കല്ലയൊ അതെ അപ്രകാരം തന്നെ എന്നു വിശ്വസിച്ചു പ്ര
ത്യാപ പ്രവൃത്തികൾ നീക്കിക്കളക. അല്ലാഞ്ഞാൽ നിന്നെ ആ പെരി
മ്പാമ്പു കെട്ടിയിരിക്കും നീ മരിക്കയില്ല. ൪൦ ദിവസംവരെ കുടൽ തുറിച്ചു
പുഴുവരിച്ചു മരിക്കാതെ കിടക്കും അതെ നിനകത്തിൽ ജീവാവസാ
നം കൂടാതെ കിടന്നു പുഴുവരിക്കും ഹേ. മന്ത്രിമാരെ നിങ്ങൾ ഉറ
ങ്ങികൊണ്ടിരിക്കുന്നോ? ഇതാ രക്ഷകന്റെ വരവു സമീപിച്ചു അക

യാൽ ദീപയെഷ്ടികളെ പ്രകാശിപ്പിക്കുക ഏതു ദീപയെഷ്ടി ദൈവവചനമാകുന്ന ദീപയഷ്ടി തന്നെ. അവയാൽ അന്ധാരത്തിൽ അറിവില്ലാതെ കിടക്കുന്ന സഹോദരന്മാരെ പ്രകാശിപ്പിച്ചു അവരെ എതിരേല്ലിനു പുറപ്പെട്ടുവിക്കുക. ഞങ്ങൾക്കെന്തു എന്നു പറഞ്ഞു മുഷ്ടി പിടിച്ചു ദൈവവചനമാകുന്ന നിക്ഷേപത്തെ ചിതൽ പിടിപ്പിച്ചതു മതി. ആകയാൽ മ്ശിഹാ തന്റെ സഭയെ പ്രിയപ്പെട്ടുകയും അതിനുവേണ്ടി തന്റെ ജീവനെ പകുക്കയും ചെയ്തപ്രകാരം നാമും നമ്മെ തന്നെ പ്രിയപ്പെടാതെ ഞങ്ങൾക്കെന്തു എന്നു പറയാതെ തന്നെ സഖികളുടെയും കൂടെ താല്പര്യമായി ഉത്സാഹിച്ചു ദൈവവചനനിവൃത്തി വരുത്തി തൻ വാത്സല്യകുട്ടികളായി തീരുവാൻ ഈ ലേഖനത്തെ ആരംഭിച്ചു ഇത്രയും അവസാനിപ്പിച്ച സർവ്വശക്തൻ സഹായിക്കുമാറാകട്ടെ. ആമ്മേൻ.

എം. പി. ഫാദർ സ്കറിയാ.

---

## വേദപുസ്തകവും സയൻസും.

പ്രിയ വായനക്കാരെ! വേദപുസ്തകവും സയൻസും ശാസ്ത്രവും മിൽ അനേക ഭിന്നതകൾ ഉണ്ടെന്നും അതിനാൽ വേദപുസ്തകം ശ്വാസയോഗ്യമല്ലെന്നും പറഞ്ഞു അനേക ആളുകൾ നമ്മുടെ ക്രിസ്ത്യാനികളെ ആക്ഷി ജീവിക്കുന്നുണ്ടു. എന്നാൽ ഈ പ്രകാരമുള്ള ആളുകളുടെ ദുരുപദേശം നിമിത്തം ലോകം ഒട്ടുക്കുള്ള ക്രിസ്ത്യാനിവർഗ്ഗത്തിനു പൊതുവേയും നമ്മുടെ ഈ നാട്ടിലുള്ള ക്രിസ്ത്യാനികൾക്ക പ്രത്യേകിച്ചും നേരിട്ടിട്ടുള്ള ദോഷങ്ങളെ പറ്റി പ്രസ്താപിക്കുന്നതിനായി ഈ കൂട്ടരുടെ തർക്കങ്ങളും ഉപദേശങ്ങളും എന്തെല്ലാമാകുന്നു എന്നു ചുരുക്കമായി ഞാൻ പ്രസ്താപിക്കാം. ഒന്നാമതായി എഴുത്തിനെ പറ്റിതന്നെ ഇവർക്കു തർക്കമാകുന്നു. വേദപുസ്തകം എഴുതിയ ആളുകളൊക്കെയും ദൈവത്മാവുമൂലമാണ എഴുതിയതു എന്നു സർവ്വ ക്രിസ്ത്യാനികളും പൊതുവെ വിശ്വസിക്കുന്നു. എന്നാൽ ദൈവാത്മാവുമൂലം എഴുതി എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം എന്താകുന്നു എന്ന വിചാരിക്കേണ്ടതു. അതിനെപറ്റി പല പല ഭിന്നാഭിപ്രായങ്ങൾ പുറപ്പെട്ടുവിക്കുന്നുണ്ടു. ചിലരുടെ അഭിപ്രായപ്രകാരം സംഗതി മാത്രമെ ഈ എഴുതുന്ന ആളിനു തോന്നിച്ചുകൊടുക്കു എന്നും വാചകമെല്ലാം എഴുത്തുകാരൻ തന്നെ ഉണ്ടാക്കുന്നതാണെന്നും മറ്റു ചിലരുടെ അഭിപ്രായപ്രകാരം സംഗതിയല്ല വാചകവും എഴുതുന്ന ആൾ തന്നെ ഉണ്ടാക്കുന്നതാണെന്നും ഇങ്ങനെ പലരും പല ഭിന്നാഭിപ്രായങ്ങൾ പുറപ്പെട്ടുവിക്കുന്നുണ്ടു. എന്നാൽ വേദപുസ്തകത്തിൽ പറയുന്ന ദിവ്യദർശനങ്ങൾ ഒക്കെയും അതാതു കാലത്തു നിവൃത്തിച്ചു എന്നു വിശ്വസിക്കുന്നവർക്കു വേദപുസ്തകം എഴുതിയവിധത്തെപറ്റി പ

യ്യാലോചിച്ചിട്ടു ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഏതുവിധത്തിലെഴുതിയാലും അതിൽ പറയുന്ന സംഗതികളൊക്കെയും നിവൃത്തിച്ചിട്ടുണ്ടെങ്കിൽ അതു ഒരു ദിവ്യശക്തിയാൽ എഴുതി എന്നല്ലാതെ മററുവിധത്തിൽ എഴുതിയതായിരിക്കാം എന്നു ഊഹിപ്പാൻ യാതൊരു ന്യായവും കാണുന്നില്ല. അതുകൊണ്ടു വേദപുസ്തകം ദൈവാത്മാവുമൂലം എഴുതിയതാണ എന്നു നമുക്കു പൊതുവായി ഊഹിക്കാവുന്നതാണ. എന്നാൽ ഇനിയും നമുക്കു അഖിലാണ്ഡത്തിന്റെയും അതിലുള്ള സകല ചരാചരങ്ങളുടെയും ഉത്ഭവത്തെ പററി ഇപ്പൊഴത്തെ നവീനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങളെയും ഭൂമിയെ സംബന്ധിച്ചുള്ള ശാസ്ത്രം അതായതു (ജിയോളജി) മുതലായ ശാസ്ത്രത്തെ പററി അശേഷം അറിവില്ലാതിരുന്ന മോശ മുതലായ പഴയ ആളുകളുടെ അഭിപ്രായങ്ങളെയും തമ്മിൽ താരതമ്യപ്പെടുത്തിനോക്കിയാൽ വല്ല വ്യത്യാസവും ഉണ്ടൊ എന്നു പരിശോധിച്ചു നോക്കാ. [illegible] യവായനക്കാരെ! ലോകത്തിന്റെ സൃഷ്ടിയെപ്പററി സർവമത[illegible]ള്ളി ഓരോരൊ തരത്തിൽ വിശ്വസിച്ചുപോരുന്നു സാൻഡ്‌വി[illegible]ം വർകന്ന ദ്വീപിലെ നിവാസികളുടെ വിശ്വാസം ലോകം ഉണ്ടാ[illegible] ഈ നു മുമ്പായി സകലതും വെള്ളത്താൽ നിറയപ്പെട്ടിരുന്നു എന്ന[illegible] വെള്ളത്തിനു മീതെ അനാദിയായി ഒരു വല്ല്യ പക്ഷി ഉണ്ടായി[illegible] എന്നും ആ പക്ഷി ഒരിക്കൽ ഒരു മുട്ട ഇട്ടു എന്നും അതിൽ നിന്നു[illegible] വൈ) എന്ന ദ്വീപു ആദ്യം ഉണ്ടായി എന്നും അതിൽ പിന്നെ[illegible] മററുള്ള ഭൂഖണ്ഡങ്ങൾ ഒക്കെയും ഉണ്ടായതു എന്നും ഇങ്ങനെ[illegible] പ്രകാരത്തിൽ വിശ്വസിച്ചു പോരുന്നു എന്നാൽ ഹിന്ദുക്കളുടെ[illegible] ശ്വാസവും ഏകദേശം ഇതിനോടു യോജിക്കുന്നു. ബ്രഹ്മാവു ജ[illegible]വാ എതു ഒരു പൊൻമുട്ടയിൽ നിന്നാണെന്നും ഈ മുട്ടയിൽ ദിവ്യശക്[illegible]ല്ലൊ. രു ബ്രഹ്മ പക്ഷത്തേക്കു വ്യാപിച്ചിരുന്നു എന്നും ഓരോ ബ്രഹ്മ[illegible]നിക്കു ൬൨൦൦൦൦൦൦. കൊല്ലവഷങ്ങളോടു സമമായിട്ടുള്ളതാണെന്നും ഇ[illegible]ങ്ങളെ പൊട്ടിയതിന്റെ ശേഷമാണ സ്വർഗ്ഗവും ഭൂമിയും ഉണ്ടായതെ[illegible]കപ ഈ ഭൂമി ഒരു താമരയില പോലെ പരന്നതാണെന്നും അതിന്റെ[illegible]പ്പാ ററളവു ൫൦ കോടി ചതുരശ്രമയിൽസാണെന്നും ഇതിനെ എട്ടു വല്യ ആനകൾ ചുമന്നുകൊണ്ടു നില്ക്കയാണെന്നും ഈ ആനകളെ ഒരു വലിയ ആമ ചുമന്നുകൊണ്ടു നില്ക്കയാണെന്നും, ഈ ആമയെ അനേകായിരം സർപ്പങ്ങൾ ചുമന്നുകൊണ്ടു നില്ക്കയാണെന്നും, ഈ സർപ്പങ്ങൾക്കു ചിലപ്പോൾ ക്ഷീണം ഉണ്ടാകുമ്പോഴാണ ഭൂകമ്പങ്ങൾ ഉണ്ടാകുന്നതെന്നും പാൽക്കടൽ കരിമ്പുനീർക്കടൽ മുതലായ ഏഴു കടലുകളാൽ ഭൂമി ചുററപ്പെട്ടിരിക്കുന്നു എന്നും ഏഴാം കടലിനപ്പുറമാകുന്നു നരകം സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്നും ഇങ്ങനെ ഒരു തരത്തിൽ ഹിന്ദുക്കൾ വിശ്വസിച്ചുപോരുന്നു. (ഹോമർ) (പ്ലേറെറാ) മുതലായ മഹാവിദ്വാന്മാരും ഭൂമിയുടെ ഉത്ഭവത്തേയും സ്ഥിതിയെയും പററി ഇ

പ്പോഴത്തെ നവീന ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായങ്ങൾക്കു നേരെ എതിരായി അഭിപ്രായപ്പെട്ടിട്ടുണ്ടു. ഇപ്പോഴത്തെ നവീന ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തെപ്പറ്റി ഇനിയും നമുക്കു ചിന്തിക്കാം. ഇപ്പോഴത്തെ വല്യ ശാസ്ത്രജ്ഞന്മാർ തീർച്ചയാക്കി ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിരിക്കുന്നതു ആദ്യം (വസ്തു) എന്നതു അനാദിയായിട്ടുള്ളതാണെന്നും അതിൽനിന്നു സസ്യാദികൾ ഉണ്ടായി എന്നും സസ്യാദികളിൽ നിന്നു മത്സ്യങ്ങൾ ഉണ്ടായി എന്നും മത്സ്യങ്ങളിൽ നിന്നു ഇഴജന്തുകൾ ഉണ്ടായി എന്നും ഇഴജന്തുക്കളിൽ നിന്നു മൃഗങ്ങൾ ഉണ്ടായി എന്നും മൃഗങ്ങളിൽ നിന്നു മനുഷ്യൻ ഉണ്ടായി എന്നുമാണു ഇതിൽ യാതൊരു തെറ്റും വരുവാൻ പാടില്ലെന്നാണു ഇവർ തീർച്ചപ്പെടുത്തിയിരിക്കുന്നതു. പ്രിയവായനക്കാരെ! ഈ ക്രമം അനുസരിച്ചാണു ആദ്യപുസ്തകത്തിൽ മോശ രണ്ടുമൂവായിരം കൊല്ലങ്ങൾക്കു മു സൃഷ്ടിയെപ്പറ്റി എഴുതി ഇട്ടിരിക്കുന്നതു. അനേകായിരം കൊല്ലം ട്ടു അനേകം വിദ്വാന്മാർ അത്യന്തം പരിശ്രമം ചെയ്തു കണ്ടുപി ള്ള. ഈ അഭിപ്രായത്തോടനുസരണമായി ശാസ്ത്രത്തിന്റെ പോലും ഇല്ലാതിരുന്ന ആ മോശ എന്ന പഴയ മനുഷ്യൻ എ ഴിയിരിക്കുന്നതു ഓർക്കുമ്പോൾ ആ ഏക കാരണം കൊണ്ടുതന്നെ ദപുസ്തകം ദിവ്യാത്മാവു മൂലം എഴുതപ്പെട്ടിട്ടുള്ളതാകുന്നു എന്നു എ ങ്ങൾക്കും സ്പഷ്ടമായി ഗ്രഹിക്കാവുന്നതാണു. ഇനിയും വേദപുസ്ത ത്തിൽ സൃഷ്ടിയെ സംബന്ധിച്ചു പറഞ്ഞിട്ടുള്ളതിനെപ്പറ്റി പല ന്മാരും പല പ്രകാരത്തിൽ വ്യാഖ്യാനിച്ചിട്ടുള്ളതു കേട്ടുകൊൾ ൻ.

ക്ലെമെൻ എന്ന മഹാ വിദ്വാൻ പറയുന്നതു ആറു ദിവസത്തെ യും ഒരേ സമയത്തു തന്നെ സൃഷ്ടിച്ചതാണെന്നും ആറുദിവസമാ മോശ പറഞ്ഞിരിക്കുന്നതു സൃഷ്ടിയുടെ മുറയെ മനുഷ്യർ മന ലാക്കാനാണെന്നും സന്ധ്യയും ഉഷസ്സും എന്നു പറയുന്നതു ആരംഭ അവസാനവുമാകുന്നു എന്നും ആണു. അദ്ദേഹം ഇങ്ങനെ വി സിപ്പാനുള്ള കാരണം സൂര്യനെ സൃഷ്ടിക്കുന്നതിനു മുമ്പു സന്ധ്യയും ഉഷസ്സും ഉണ്ടായി എന്നു അസാദ്ധ്യമായിട്ടുള്ളതാകയാലാണു. ഇനിയും ഓറിജിൻ എന്ന മഹാ വിദ്വാന്റെ വ്യാഖ്യാനം കേൾപ്പിൻ. സൃഷ്ടിയെ ഒക്കയും ആദ്യം നമ്മുടെ കണ്ണുകൾക്കു അഗോചരമായി സൃഷ്ടിച്ചു എന്നും അതു പിന്നീടു ഓരോന്നോരോന്നു നമ്മുടെ കണ്ണുകൾക്കു കാണത്തക്ക വിധത്തിൽ വെളിപ്പെട്ടു എന്നുംമറ്റുമാണു. (ഓഗസ്റ്റിൻ) എന്ന മഹാന്റെ അഭിപ്രായം വേറൊരുതരത്തിലാണു. അദ്ദേഹം പറയുന്നതു ആദ്യം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നു ശേഷമുള്ള സകല സൃഷ്ടികളേയും താനെതന്നെ പുറപ്പെടുവിപ്പാൻ ആകാശത്തിന്നും ഭൂമിക്കും ദൈവം ശക്തി കൊടുത്തു എന്നും അങ്ങിനെ മറ്റുള്ള സൃഷ്ടികളൊക്കെയും ഉത്ഭൂതമായി എന്നുംമറ്റുമാണു.

ഇദ്ദേഹത്തിന്ന ഇപ്പോഴത്തെ ജീയൊലൊജി മുതലായ ശാസ്ത്രങ്ങളൊന്നും പഠിക്കാഞ്ഞതയാണ ഈ അഭിപ്രായം ഉണ്ടായതു. ഈ അഭിപ്രായം ജീയൊലൊജി ശാസ്ത്രക്കാരുടെ അഭിപ്രായത്തോടു ഏകദേശം യോജിക്കുന്നു. എന്നാൽ ഈ വിദ്വാന്മാരെക്കാൾ കേമനായിട്ടു ഡാക്തർ ജൊൺ ലൈറ്റ്ഫൂട്ട് എന്നൊരു മഹാൻ സൃഷ്ടിയുടെ സമയം കൃത്യമായി കണ്ടുപിടിച്ചു. അതായതു ക്രി. മു. ൪൦൦൪-ാമാണ്ടു ഒക്ടോബർ മാസം ൨൩-ാം കാലത്തു ൯ മണിക്കാണ ആകാശവും ഭൂമിയും സൃഷ്ടിക്കപ്പെട്ടതു എന്നാണ അദ്ദേഹത്തിന്റെ ജ്ഞാനംകൊണ്ടു കണ്ടതു. ഇപ്പോഴുള്ള ജീയൊലൊജിക്കാരുടെ അഭിപ്രായപ്രകാരം ഭൂമി ഉണ്ടായിട്ടു ൯൦ കോടി സംവത്സരമായെന്നും മറ്റു ചിലരുടേ അഭിപ്രായപ്രകാരം ൧൫൦൦൦൦൦൦ സംവത്സരമായെന്നും വേറെ ചിലരുടെ അഭിപ്രായപ്രകാരം ൫൦ കോടി സംവത്സരമായെന്നും ആദ്യത്തെ ഒരു ദിവസത്തിന ഇപ്പോഴത്തെ ഒരു ദിവസത്തേക്കാൾ [illegible]ണിക്കൂർ കുറവുണ്ടെന്നും, ഇങ്ങനെ പല അഭിപ്രായങ്ങളും പ[illegible]ള്ളിദ്വാന്മാരും ഭേദാഭേദങ്ങളോടുകൂടി പറയുന്നു. ഇനിയും ആക[illegible]വർക ഭൂമിയും സൃഷ്ടിക്കുന്നതിന മുമ്പായിട്ടുള്ള സ്ഥിതിയെപറ്റി [illegible]രാ ഈ ഒരു നാട്ടുവിദ്വാൻ പറയുന്നതിനെ കേൾപ്പിൻ. ദൈവം സകല[illegible]യും സൃഷ്ടിക്കുന്നതിന മുമ്പെ താൻ സൃഷ്ടികൾക്കൊക്കെയും വാസ[illegible]ലമായിരുന്നു. കാരണം ഈ അഖണ്ഡവിരിവിൽ അഖിലാണ്ഡ[illegible] നില്ക്കുന്നു. സൃഷ്ടമായ എല്ലാ ഭൂതാണുക്കളേയും ഈ അഖണ്ഡ[illegible]വിൽനിന്നും നീക്കിയാൽ സൃഷ്ടമായതൊന്നും ആ സ്ഥലത്ത[illegible]ന്നു നാം അറിയുന്നു, സ്ഥലം എന്നു പറയുമ്പോൾ അഖണ്ഡവി[illegible]ാ എന്നു താല്പര്യം. അതു ഭൂമിയും ആകാശവുമല്ല. സൂര്യചന്ദ്രന[illegible]ങ്ങളും ഗ്രഹോപഗ്രഹങ്ങളുമല്ല. അതു ഭൂതാണുക്കളുമല്ല. അതു [illegible]ല്ലൊ. [illegible]വിധം ഗ്യാസുകളും ഏതുവിധം ആവികളുമല്ല എങ്കിലൊ അതു [illegible]ന്നിക്ക[illegible]ലത്തിന്നും സകലവുമായിത്തീരുന്നു. അതു ദൈവത്തിന്റെ[illegible] വശ്വാസം വ്യാപിക്കുന്ന സ്ഥലമത്രെ. സ്നേഹാത്മാവു അതിൽ [illegible] ഉജ്വലിച്ചുംകൊണ്ടു നില്ക്കുന്നു. സകല മാലാഖമാരും അതിൽ നക്ഷ[illegible]ങ്ങളെന്നപോലെ വിളങ്ങുന്നു. ഇപ്രകാരമിരിക്കുന്ന ത്രിയേകദൈവം ആകാശത്തെയും ഭൂമിയെയും അവയിലുള്ള സകലത്തെയും ആറു ദിവസംകൊണ്ടു സൃഷ്ടിച്ചു, എന്നാകുന്നു ഈ വിദ്വാന്റെ അഭിപ്രായം.

പ്രിയ വായനക്കാരെ! സൃഷ്ടിയെപറ്റിതന്നെ ഇത്രയും ഭിന്നാഭിപ്രായങ്ങൾ ക്രിസ്തീയരിലും ശാസ്ത്രജ്ഞന്മാരിലും ഉണ്ടായിട്ടുണ്ടു. ശാസ്ത്രജ്ഞന്മാരിൽ തന്നെ അഭിപ്രായവ്യത്യാസങ്ങൾ ഉള്ളതുകൊണ്ടു. വിദ്വാന്മാൎക്കു ചിലപ്പോൾ തെറ്റുവന്നേക്കാം എന്നു നമുക്കു ഇതിൽ നിന്നും അനുമാനിക്കാം. ക്രി. മു. ൪൦൦൪-ാമാണ്ടല്ല അനേകായിരം സംവത്സരം മുമ്പാണ ഭൂമി ഉണ്ടായിട്ടുള്ളതു എന്നു വിചാരിക്കുന്ന പക്ഷം

വും വേദംകളുമാണെന്നു വിചാരിപ്പാൻ ഒരിക്കലും ന്യായമില്ല. കാരണം എബ്രായഭാഷയിലുള്ള മൂലഗ്രന്ഥം എടുത്തുനോക്കിയാൽ അറിയാം. എബ്രായഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള ആ പുസ്തകത്തിൽ ദിവസം എന്ന വാക്കിനു പകരമായി (യോം) എന്ന ഒരു വാക്കാണു ഉപയോഗിച്ചിരിക്കുന്നതു. എബ്രായഭാഷയിൽ "യോം" എന്ന പദത്തിനു ദിവസമെന്നും (കാലം) എന്നും അൎത്ഥമുണ്ടു. എന്നാൽ ഈ രണ്ടൎത്ഥത്തെയും വ്യത്യാസപ്പെടുത്തി കാണിപ്പാൻ തക്ക വേറെ പദങ്ങൾ ആ ഭാഷയിൽ ഇല്ല. രണ്ടിനും കൂടി യോം എന്ന ഒരു വാക്കു മാത്രമെ ഉള്ളു. ആയതുകൊണ്ടു ദിവസം എന്നുള്ളതു കാലം എന്നു കൂടി നമുക്കു വ്യാഖ്യാനിക്കാം. ആ കാരണംകൊണ്ടു നോക്കുന്ന പക്ഷം വേദപുസ്തകവും സയൻസുമായി വ്യത്യാസമൊന്നുമില്ലെന്നു നമുക്കു കാണാം.

(തുടരും)

---

## സൂചനകൾ.

...ള്ളിക്കൂടം പൂട്ടൽ—...ർ ദീവന്നാസ്യോസു സിമ്മനാരി ധനു ൫-ാം നു ... ഒരു മാസത്തേക്കു പൂട്ടുന്നതാണ.

❖ ❖ ❖ ❖

...ഞങ്ങൾ സ്ഥലത്തില്ലാഞ്ഞതിനാൽ കഴിഞ്ഞ മലയാള മിത്രത്തിൽ അപ്പൊ...ഫായെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ള പ്രസംഗം വായിപ്പാൻ താമസിച്ചുപോയി...തിനാൽ അതിനെക്കുറിച്ചുള്ള കുത്തിപ്പു അടുത്ത പത്രികയിലേക്കു നീക്കിവച്ചി...രിക്കുന്നു.

❖ ❖ ❖ ❖

പള്ളിവ്യവഹാരങ്ങൾ—തിരുവല്ലാ പാലിയക്കരെ പള്ളിക്കേസു രാജിപ്പെട്ടു ...ി നമുക്കു വിട്ടുതരുവാൻ നവീകരണ വികാരിജെനറാൾ മുതൽപേർ സമ്മതിരിക്കുന്നു. ഒരുവേല ര ഷീഫർജ്ജി ഇപ്പോൾ കൊടുത്തിരിക്കുന്നു. പന്തളം അ...പ്പള്ളി നവീകരണക്കാർ ഒഴിഞ്ഞു വ്യവഹാരം രാജിപ്പെട്ടിരിക്കുന്നു. മേപ്രാൾ, ...ിപ്പാട മുതലായ പള്ളികളും ഒഴിഞ്ഞുതരുവാൻ ആലോചന നടന്നുവരുന്നു. ...പ്പള്ളി നിലക്കൽ പള്ളിക്കേസു തീർച്ചയായി കഴിഞ്ഞുകിടക്കുന്നു. വിധി താമ...യതെ ഉണ്ടാകും.

❖ ❖ ❖ ❖

ആണ്ടുതക്‌സ പുസ്തകം—ഈ സുറിയാനിപുസ്തകത്തിന്റെ വില രണ്ടു രൂപായെന്നു കഴിഞ്ഞ ഒരു പത്രികയിൽ പ്രസ്താവിച്ചിരുന്നതു അച്ചടിപിശകാണെന്നും സാക്ഷാൽ വില രണ്ടര രൂപായാണെന്നും പ്രസ്താവിക്കണമെന്നു അതിന്റെ ഉടമസ്ഥൻ ആവശ്യപ്പെട്ടിരിക്കുന്ന വിവരം ഇതിനാൽ വായനക്കാരെ അറിയിച്ചുകൊള്ളുന്നു.

❖ ❖ ❖ ❖

പിറവം—ഇവിടെ പുത്തനായി പണി കഴിപ്പിച്ചിരിക്കുന്ന ഇംഗ്ലീഷ പള്ളിക്കൂടം അടുത്ത മകരത്തിൽ തുറക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു. അതുസംബന്ധമായ ശട്ടംകെട്ടുകൾ ചെയ്യാനായി വലിയ തിരുമേനി പിറവത്തേക്കു എഴുന്നെള്ളിയിരിക്കുന്നു.

❖ ❖ ❖ ❖

മെഡൽ പരീക്ഷ—മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സ്മാരക പരീക്ഷ (സുറിയാനി) ഈ മാസം ൨-ാം നു കോട്ടയത്തു സെമിനാരിയിൽവച്ചു നടത്തപ്പെടുന്നതാകയാൽ പരീക്ഷകന്മാർ അന്നേദിവസം സിമ്മനാരിയിൽ ഹാജരായിരിക്കേണ്ടതാണ.